*ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ് ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ, തിരുവനന്തപുരം 1*

**ICT Cell/1771/1/HSE/2018** **14th May 2018**

***<u>പത്രക്കുറിപ്പ്</u>***

# ഹയർസെക്കണ്ടറി ഒന്നാം വർഷ പ്രവേശനം:

(വിഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ കൗൺസലിംഗ് ഷെഡ്യൂൾ)

പ്ലസ്‌വൺ പ്രവേശനത്തിനായി അപേക്ഷിക്കുന്ന (മാനേജ്‌മെൻറ് /കമ്മ്യുണിറ്റി/ അൺ-എയ്ഡഡ് ഉൾപ്പടെ) വിഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൗൺസലിങിനായും അവരുടെ മെഡിക്കൽബോർഡ് സർട്ടിഫിക്കറ്റുകളുടെ പരിശോധനക്കായും ജില്ലാതലത്തിൽ പ്രത്യേക സമിതി രൂപീകരിച്ച് “ജില്ലാതല കൗൺസലിങ് സർട്ടിഫിക്കറ്റുകൾ” നൽകുന്നതാണ്. പ്രായോഗിക പരീക്ഷകളുള്ള വിഷയങ്ങൾ പഠിക്കാനാഗ്രഹിക്കുന്ന ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾ ഈ സമിതിക്ക് മുന്നിൽ കൗൺസലിങിന് ഹാജരാകണം. ഇത്തരം വിഷയങ്ങൾ പഠിക്കുന്നതിനുള്ള വിദ്യാർത്ഥിയുടെ പ്രാപ്തി വിലയിരുത്തി സമിതി ശുപാർശ ചെയ്യും. ഈ വിഭാഗത്തിൽ പെടുന്ന മറ്റു അപേക്ഷകരും അവരുടെ മെഡിക്കൽബോർഡ് സർട്ടിഫിക്കറ്റുകൾ പരിശോധനക്കായി ഹാജരാക്കി അവിടെ നിന്നും ലഭിക്കുന്ന റഫറൻസ് നമ്പർ അപേക്ഷാഫാറത്തിൽ ഉൾപ്പെടുത്തേണ്ടതാണ്..മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് , എസ്സ്. എസ്സ്. എൽ. സി. സർട്ടിഫിക്കറ്റ്/ ഇൻറർനെറ്റ് കോപ്പി സഹിതമാണ് വിദ്യാർത്ഥികൾ രക്ഷകർത്താവിനൊപ്പം കൗൺസലിങ്ങിന് ഹാജരാകേണ്ടത്. ഓരോ ജില്ലയിലെയും വിദ്യാഭ്യാസ ജില്ല അടിസ്ഥാനപ്പെടുത്തിയുള്ള കൗൺസലിങ്ങിന്റെ തീയതി, സ്ഥലം മുതലായവയും ഹയർസെക്കൻഡറി ജില്ലാ കോ-ഓഡിനേറ്റർമാരുടെ ഫോൺ നമ്പറുകളും അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജില്ലാതല കൗൺസിലിങ്ങുകൾ 2018 മെയ് 15 മുതൽ ആരംഭിക്കുന്നതാണെന്നും ഹയർസെക്കണ്ടറി ഡയറക്ടർ അറിയിച്ചു.

**ഡയറക്ടർ**